## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3291** **11-03-2025 - ൽ മറുപടിയ്ക്ക്**

## ഭിന്നശേഷി സംവരണവും അധ്യാപക നിയമനവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് സ്കൂൾ ഭിന്നശേഷി സംവരണ വിഷയത്തിൽ ഹൈക്കോടതി വിധിപ്രകാരം പ്രൊഫഷണലി അപ്രൂവ്ഡ് ടീച്ചേഴ്സിന് നിലവിൽ ജി.ഐ.എസ്., മെഡിസെപ്, പി.എഫ്., ജൂനിയർ സീനിയർ പ്രൊമോഷൻ എന്നിവ അനുവദിച്ചിട്ടുണ്ടെങ്കിലും എസ്.എൽ.ഐ., എൻ.പി.എസ്., വാർഷിക ഇൻക്രിമെന്റ്, ലീവ് അനുകൂല്യങ്ങൾ എന്നിവ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | എയ്ഡഡ് സ്കൂൾ ഭിന്നശേഷി സംവരണ വിഷയത്തിൽ ഹൈക്കോടതി വിധിപ്രകാരം പ്രൊവിഷണലി അപ്രൂവ്ഡ് ടീച്ചേഴ്സിന് എസ്.എൽ.ഐ., എൻ.പി.എസ്., വാർഷിക ഇൻക്രിമെന്റ്, ലീവ് ആനുകൂല്യങ്ങൾ നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | പ്രൊഫഷണലി അപ്പോയിന്റഡ് അധ്യാപകരുടെ നിയമനങ്ങൾ തടസപ്പെടുത്താതെ അതിനുശേഷം വന്ന ഒഴിവുകളിൽ ഭിന്നശേഷി നിയമനം നടത്തുന്നതിനുള്ള സുപ്രീം കോടതി ഇടക്കാല വിധി വ്യക്തമാക്കി പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | 24/01/2024 ലെ പൊതുവിദ്യാഭ്യാസം-ജെ.ആർ.1/502/2023-പൊ.വി.വ നമ്പർ കത്ത് പ്രകാരം 18/11/2018 നും 08/11/2021 നും ഇടയിലെ ബാക്ക് ലോഗ് നികത്തുന്നതിന് 08/11/2021 ന് ശേഷമുള്ള ഒഴിവും ഭിന്നശേഷി നിയമനത്തിന് മാറ്റിവെക്കാമെന്നും, ഇത്തരത്തിൽ നിയമിക്കപ്പെട്ട ഭിന്നശേഷി ഉദ്യോഗാർത്ഥിയുടെ നിയമനം അംഗീകരിക്കാമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ ഒഴിഞ്ഞുകിടക്കുന്ന ഏതു വേക്കൻസികളും ഭിന്നശേഷി സംവരണത്തിൽ ഉൾപ്പെടുത്തുന്നതിൽ തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം അവകാശികൾക്കും സംരക്ഷിതർക്കും നൽകേണ്ടവ ഒഴികെയുള്ള ഏതു വേക്കൻസികളും ഭിന്നശേഷി സംവരണത്തിൽ, സർക്കാർ ഉത്തരവുകൾക്കനുസൃതമായി ഉൾപ്പെടുത്തുന്നതിൽ തടസ്സങ്ങൾ ഇല്ല. |
| (ഡി) | എയ്ഡഡ് സ്കൂൾ ഭിന്നശേഷി നിയമനം നടത്തുവാൻ നാളിതുവരെ എത്ര മാനേജ്മെന്റുകളാണ് റിക്വസിഷൻ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിക്വസിഷൻ പ്രകാരം ഭിന്നശേഷി നിയമനം നടത്താൻ എത്ര വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | 4204 |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | റിക്വിസിഷൻ സമർപ്പിച്ചിട്ടുള്ള മാനേജ് മെന്റുകളുടെ എണ്ണം. |
|---|---|
| തിരുവനന്തപുരം | 115 |
| കൊല്ലം | 114 |
| പത്തനംതിട്ട | 93 |
| ആലപ്പുഴ | 122 |
| കോട്ടയം | 129 |
| ഇടുക്കി | 47 |
| എറണാകുളം | 108 |
| തൃശ്ശൂർ | 332 |
| പാലക്കാട് | 224 |
| മലപ്പുറം | 399 |
| കോഴിക്കോട് | 277 |
| വയനാട് | 48 |
| കണ്ണൂർ | 250 |
| കാസർഗോഡ് | 82 |
| ആകെ | **2340** |

**സെക്ഷൻ ഓഫീസർ**